**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **28.10.2019 ൽ**
**നിയമസഭാ ചോദ്യം നമ്പർ :182** **മറുപടി നൽകേണ്ടിയിരുന്നത്**

## കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ വിഭജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ രാമചന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ പരിധിയിൽ ഉൾപ്പെടുന്ന വില്ലേജുകൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ ; | എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ പരിധിയിൽ ആലപ്പാട്, കല്ലേലിഭാഗം, അയണിവേലിക്കുളങ്ങര, കരുനാഗപ്പള്ളി, തൊടിയൂർ തഴവ, ആദിനാട്, കലശേഖരപുരം, പാവുമ്പ എന്നീ വില്ലേജുകളാണ് ഉൾപ്പെടുന്നത്. |
| ബി) സംസ്ഥാനത്ത് ഇന്നുള്ള ജനസംഖ്യാ പോലീസ് അനുപാതം എത്രയെന്ന് വിശദീകരിക്കാമോ ; കരാനാഗപ്പള്ളി സ്റ്റേഷൻ പരിധിയിൽ ഈ അനുപാതം പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്തെ ആകെ ജനസംഖ്യ 3,47,00000 ആണെന്ന് കണക്കാക്കപ്പെടുന്നു. സംസ്ഥാനത്തെ പോലീസ് സേനയുടെ ഇപ്പോഴത്തെ അംഗബലം 49,966 ആണ്. ഇതു പ്രകാരം Citizen Police അനുപാതം 695:1 ആണ്. സംസ്ഥാനത്തെ പോലീസ് സേനയെക്കുറിച്ച് P&ARD പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. Citizen Police Ratio 500:1 എന്ന അനുപാതത്തിലാക്കാൻ P&ARD റിപ്പോർട്ടിൽ ശിപാർശയുണ്ട്.<br><br>ക്രമസമാധാന പ്രശ്നങ്ങളും മറ്റ് അടിയന്തിര സാഹചര്യങ്ങളും നേരിടേണ്ടി വരുമ്പോൾ പോലീസ് സ്റ്റേഷനുകളിൽ നിലവിലുള്ള അംഗബലത്തിന് പുറമേ ജില്ലാ പോലീസ് മേധാവിയുടെ കീഴിലുള്ള റിസർവ്വ് വിഭാഗത്തിൽ നിന്നും(DHQ/DAR) ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സായുധസേനാ ബറ്റാലിയനുകളിൽ നിന്നും ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കാറുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പോലീസ് സ്റ്റേഷൻ ജീവനക്കാരുടെ ജോലിഭാരവും പ്രദേശത്തിന്റെ വലിപ്പവും പരിഗണിച്ച് സ്റ്റേഷൻ വിഭജിക്കുന്നതിനും, തഴവ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സി) | പുതുതായി അനുവദിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകൾ പ്രവർത്തന സജ്ജമാക്കുന്നതിനാണ് ഇപ്പോൾ പരിഗണന നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ